**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഉപഭോക്താക്കളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. നിരവധി തവണ സബ്ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും ജില്ലാ കളക്ടറേറ്റുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയും, സൗര സബ്സിഡി സ്കീമിന്റെ സാമ്പത്തിക നേട്ടത്തെ വിശദീകരിക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകര മാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോധ്യ പ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി '**സൗരതേജസ്സ്**' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൽ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ. റസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്ര മാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി ഈ പദ്ധതിയുടെ നേട്ടങ്ങളെ സംബന്ധിച്ച വിവരം ഗാർഹിക ഉപഭോക്താക്കളിൽ എത്തിക്കു ന്നതിനുള്ള നടപടികൾ അനെർട്ട് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും, സംശയ നിവാരണ ത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ (18004251803) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ജനങ്ങളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ജനങ്ങളെ സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളിൽ ഒന്നാണ് '**സൗര വർഷാന്ത്യ സ്പെഷ്യൽ**'. ഇതനുസരിച്ച് രജിസ്റ്റർ ചെയ്ത ഉപഭോക്താവ് 40% സബ്സിഡി കിഴിച്ച ശേഷമുള്ള പ്ലാന്റ് കോസ്റ്റ് അടച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം സൗര നിലയം സ്ഥാപിച്ചു നൽകുന്നതാണ്. പ്രസ്തുത പദ്ധതിയിൽ രജിസ്ട്രേഷൻ കാലയളവ് നവംബർ 28 മുതൽ പത്തു ദിവസമാണ്.<br><br>ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അംഗീകൃത ബാങ്കുകൾ വഴി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.-കുസും പദ്ധതിയിൽ കർഷകർ നൽകേണ്ട ഗുണഭോക്തൃ വിഹിതം നൽകുന്നതിന് പല കർഷകർക്കും. സാമ്പത്തിക പ്രയാസം നേരിടുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കർഷകർ നൽകേണ്ട വിഹിതം ഗണ്യമായി കുറയ്ക്കുകയും കേന്ദ്ര സബ്സിഡി കഴിഞ്ഞുള്ള ബാക്കി തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുമുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ കൂടുതൽ കർഷകരെ ഈ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ